ഉത്തരം

(എ)&(ബി) ശാസ്ത്രമേളകൾ, കണക്ക് മേളകൾ, പ്രവൃത്തിപരിചയമേളകൾ, സംസ്കൃതോൽസവം എന്നിവയിൽ മൂന്നാം സ്ഥാനം നേടുന്നവർക്കും സ്പെഷ്യൽ സ്കൂൾ യുവജനോൽസവത്തിൽ രണ്ടാം സ്ഥാനം നേടുന്നവർക്കും 3% ഗ്രേസ് മാർക്ക് നല്കിവരുന്നു. യുവജനോൽസവത്തിൽ ഒന്നും രണ്ടും മൂന്നും എ ഗ്രേഡും ശാസ്ത്രമേളകൾ, കണക്കുമേളകൾ, പ്രവൃത്തിപരിചയ മേളകൾ, സംസ്കൃതോൽസവം എന്നിവയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്കും സ്പെഷ്യൽ സ്കൂൾ യുവജനോൽസവത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്കും സ്കൗട്ടിൽ രാജ്യപുരസ്ക്കാർ സർട്ടിഫിക്കറ്റ് നേടുന്നവർക്കും 5% ഗ്രേസ് മാർക്ക് നല്കിവരുന്നു. സ്കൗട്ടിൽ രാഷ്ട്രപതി പുരസ്ക്കാർ സർട്ടിഫിക്കറ്റ് നേടുന്നവർക്ക് 10% ഗ്രേസ് മാർക്കും ദേശീയതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് 15% ഗ്രേസ് മാർക്കും നല്കുന്നു. പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ കണക്ക് നിശ്ചിതമല്ല.

(സി)&(ഡി) ഇല്ല.

(ഇ) ബാധകമല്ല.

പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ നടപടി

48 (831) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശാല ഇവാൻസ് ഹൈസ്കൂളിൽ നിന്നും ഇക്കഴിഞ്ഞ എസ്. എസ്.എൽ.സി. പരീക്ഷ എഴുതിയ 83 വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം തടഞ്ഞു വച്ചിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫലം പ്രസിദ്ധീകരിക്കുന്നതിനും വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസം ഇക്കൊല്ലം തന്നെ നടത്തുന്നതിനുംവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിദ്യാർത്ഥികളുടെ മേൽ നിയമപ്രകാരം നടപടി സ്വീകരിച്ച ശേഷം 14.6.99-ൽ ഇവരുടെ ഫലം പ്രസിദ്ധീകരിക്കുകയും സർട്ടിഫിക്കറ്റുകൾ അയച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

തമിഴ് മീഡിയത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥി

49 (832) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ തമിഴ് മീഡിയത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥി ആരാണ്;

(ബി) വിദ്യാർത്ഥിയുടെ മേൽവിലാസവും സ്കൂളിന്റെ പേരും ജില്ലയും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly